പതിമൂന്നാം കേരള നിയമസഭ
(THIRTEENTH KERALA LEGISLATIVE ASSEMBLY)

# വിഷയനിർണ്ണയ സമിതി VII
# (SUBJECT COMMITTEE VII)

## വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും
## (ELECTRICITY, LABOUR AND LABOUR WELFARE)

## ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട്
## (2015-2016)

# FIFTH REPORT ON THE SCRUTINY OF DEMANDS FOR GRANTS (2015-2016)

2015 ജൂൺ 8-ാം തീയതി സമർപ്പിച്ചത്
(Presented on...8th...June, 2015)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2015

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2015

പതിമൂന്നാം കേരള നിയമസഭ

(THIRTEENTH KERALA LEGISLATIVE ASSEMBLY)

## വിഷയനിർണ്ണയ സമിതി VII

## (SUBJECT COMMITTEE VII)

## വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും

## (ELECTRICITY, LABOUR AND LABOUR WELFARE)

**ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട്**

**(2015-2016)**

**FIFTH REPORT ON THE SCRUTINY OF DEMANDS FOR GRANTS (2015-2016)**

420/2015.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

# വിഷയനിർണ്ണയ സമിതി VII

## വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും

## (2013-2016)

### ഘടന

അദ്ധ്യക്ഷൻ :

ശ്രീ. ആര്യാടൻ മുഹമ്മദ്,
ഊർജ്ജ വകുപ്പുമന്ത്രി.

എക്സ്-ഒഫീഷ്യോ അംഗം :

ശ്രീ. ഷിബു ബേബി ജോൺ,
തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി.

അംഗങ്ങൾ :

| | |
|---|---|
| ശ്രീ. എ. കെ. ബാലൻ, | എം.എൽ.എ. |
| ,, എം. ചന്ദ്രൻ, | ,, |
| ,, പി. കെ. ഗുരുദാസൻ, | ,, |
| ,, എം. ഹംസ, | ,, |
| ,, പി. എ. മാധവൻ, | ,, |
| ,, എൻ. എ. നെല്ലിക്കുന്ന്, | ,, |
| ,, എ. കെ. ശശീന്ദ്രൻ, | ,, |
| ,, കെ. ശിവദാസൻ നായർ, | ,, |
| ,, എം. എ. വാഹീദ്, | ,, |

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

ശ്രീമതി ജെ. മേരി ഗ്രേസി, ജോയിന്റ് സെക്രട്ടറി

,, എസ്. ജയശ്രീ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. എസ്. രാമദാസൻ പോറ്റി, അണ്ടർ സെക്രട്ടറി.

# അവതാരിക

2015-2016 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച വിഷയനിർണ്ണയ സമിതി VII-ന്റെ പരിധിയിൽ വരുന്ന, ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട് സമിതിയുടെ ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

2015 ഏപ്രിൽ 20, 27 എന്നീ തീയതികളിൽ യോഗം ചേർന്ന്, കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലും മാർഗ്ഗ നിർദ്ദേശ രേഖകളിലും വ്യവസ്ഥ ചെയ്തിട്ടുള്ളവിധം, താഴെപ്പറയുന്ന ധനാഭ്യർത്ഥനകളിൽ ഉൾക്കൊള്ളുന്ന വിവിധ ചെലവിനങ്ങൾ സമിതി പരിശോധിച്ചു.

ധനാഭ്യർത്ഥന നമ്പർ XVIII—വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും

ധനാഭ്യർത്ഥന നമ്പർ XXIV—തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസി ക്ഷേമവും

ധനാഭ്യർത്ഥന നമ്പർ XXXIX—വൈദ്യുത പദ്ധതികൾ

ധനാഭ്യർത്ഥന നമ്പർ XLVI—സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും

ബന്ധപ്പെട്ട വകുപ്പുകളിൽനിന്നും ലഭിച്ച കുറിപ്പുകൾ പരിശോധനാവേളയിൽ സമിതി പരിഗണിക്കുകയും സന്നിഹിതരായിരുന്ന ഉദ്യോഗസ്ഥരിൽനിന്നും കൂടുതൽ വിശദീകരണങ്ങൾ ആരായുകയും ചെയ്തു.

ഭരണഘടനാപരവും സാമ്പത്തികവുമായ പരിമിതികൾക്ക് വിധേയമായി സമിതി അതിന്റെ നിർദ്ദേശങ്ങൾക്കും ശിപാർശകൾക്കും രൂപം നൽകുകയും അവ ഈ റിപ്പോർട്ടിൽ ഉൾക്കൊള്ളിക്കുകയും ചെയ്തിരിക്കുന്നു.

2015 മേയ് മാസം 5-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

ആര്യാടൻ മുഹമ്മദ്,

തിരുവനന്തപുരം,
2015 മേയ് 5.

*അദ്ധ്യക്ഷൻ,*
*വിഷയനിർണ്ണയ സമിതി VII.*

# റിപ്പോർട്ട്

## ധനാഭ്യർത്ഥന നമ്പർ XVIII—വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും

വോട്ട് ചെയ്യുത് : 5021,29,13,000 രൂപ

ചാർജ് ചെയ്യുത് : 37,25,000 രൂപ

2210-01-102-99—എംപ്ലോയീസ് സ്റ്റേറ്റ് ഇൻഷ്വറൻസ് പദ്ധതി—ഭരണ വിഭാഗം

വിഹിതം : 732,68,000 രൂപ (പദ്ധതിയേതരം)

-05-4—ഓഫീസ് ചെലവുകൾ—മറ്റിനങ്ങൾ

വിഹിതം : 9,00,000 രൂപ (പദ്ധതിയേതരം)

ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക 2015-16 സാമ്പത്തിക വർഷത്തെ ചെലവുകൾക്ക് അപര്യാപ്തമായതിനാൽ 3 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-01-102-98 —എംപ്ലോയീസ് ഇൻഷ്വറൻസ് പദ്ധതി—ഡിസ്പെൻസറികൾ

വിഹിതം : 129,03,59,000 രൂപ (പദ്ധതിയേതരം)

-02—വേതനം

വിഹിതം : 1,28,51,000 രൂപ (പദ്ധതിയേതരം)

2. മുൻവർഷം വേതനയിനത്തിൽ അനുവദിച്ച തുകയേക്കാൾ വളരെയധികം തുക ചെലവായ സാഹചര്യത്തിൽ 2015-16 വർഷത്തേക്ക് ഈ ശീർഷകത്തിൽ 180 ലക്ഷം രൂപ ആവശ്യപ്പെട്ടിരുന്നുവെങ്കിലും 128.51 ലക്ഷം രൂപ മാത്രമേ വകയിരുത്തിയിട്ടുള്ളൂ. പ്രസ്തുത തുക അപര്യാപ്തമായതിനാൽ 51.49 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

-06—വാടക, കരം, നികുതി

വിഹിതം : 50,00,000 രൂപ (പദ്ധതിയേതരം)

3. ഇ.എസ്.ഐ. കോർപ്പറേഷന്റെ പുതിയ നയത്തിന്റെ ഭാഗമായി മുഴുവൻ ചെലവുകളും വകുപ്പ് തന്നെ മുൻകൂറായി വഹിക്കേണ്ടതിനാൽ ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ 70 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

-34-3—മറ്റു ചെലവുകൾ—മറ്റിനം

വിഹിതം : 10,00,000 രൂപ (പദ്ധതിയേതരം)

4. കഴിഞ്ഞ വർഷത്തെ നിരവധി ബില്ലുകൾ നിലവിൽ മാറാൻ കഴിയാത്തതായി ഉണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. ഇവയ്ക്കൊപ്പം നടപ്പ് സാമ്പത്തിക വർഷത്തെ ബില്ലുകൾ കൂടി മാറുന്നതിന് 2015-16 സാമ്പത്തിക വർഷത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 5 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-01-102-96—ഇ.എസ്.ഐ. യുടെ കീഴിലുള്ള പ്രത്യേക ഘടക പദ്ധതികൾക്കുള്ള ചെലവ്

വിഹിതം : 11,02,43,000 രൂപ (പദ്ധതിയേതരം)

-(01)—ഡ്രഗ്സും ഡ്രസ്സിംഗ്സും

വിഹിതം : 51,70,000 രൂപ (പദ്ധതിയേതരം)

5. ഇ.എസ്.ഐ. കോർപ്പറേഷന്റെ പുതിയ നയത്തിന്റെ ഭാഗമായി മുഴുവൻ ചെലവുകളും വകുപ്പുതന്നെ നേരിട്ട് വഹിക്കേണ്ട സ്ഥിതിയായതിനാൽ നിലവിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ വകയിരുത്തിയ തുകയ്ക്ക് പുറമെ 2598.3 ലക്ഷം രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

-(3)—സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സ

വിഹിതം : 55,000 രൂപ (പദ്ധതിയേതരം)

6. മുമ്പ് സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സ ഇനത്തിലുള്ള മുഴുവൻ ചെലവുകളും യാതൊരു പരിധിയുമില്ലാതെ ഇ.എസ്.ഐ. കോർപ്പറേഷൻ നേരിട്ടാണ് വഹിച്ചിരുന്നതെന്നും എന്നാൽ ഇ.എസ്.ഐ. കോർപ്പറേഷന്റെ പുതിയ നയത്തിന്റെ ഭാഗമായി മുഴുവൻ ചെലവുകളും വകുപ്പ് നേരിട്ട് വഹിക്കേണ്ടിവരുമെന്നും സമിതി മനസ്സിലാക്കുന്നു. ഈയിനത്തിൽ 5000 ലക്ഷം രൂപ ചെലവ് വരുമെന്ന് പ്രതീക്ഷിക്കുന്നതിനാൽ ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമാണ്. ആയതിനാൽ 4999.45 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

-(04)—മെഡിക്കൽ ക്ലെയിംസിന്റെ റീ ഇംപേഴ്സ്മെന്റ്

വിഹിതം : 9,68,00,000 രൂപ (പദ്ധതിയേതരം)

7. സംസ്ഥാനത്ത് കഴിഞ്ഞ വർഷങ്ങളിലെ ധാരാളം റീഇംപേഴ്സ്മെന്റ് അപേക്ഷകളിൽ തുകകൾ നൽകേണ്ടതുള്ളതിനാലും ഇൻഷ്വർ ചെയ്ത തൊഴിലാളികളുടെ

എണ്ണം അനുദിനം വർദ്ധിച്ചുവരുന്നതിനാലും 2015-16 സാമ്പത്തിക വർഷത്തേക്ക് വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 832 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ XXIV—തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും

വോട്ട് ചെയ്തത് : 996,65,97,000 രൂപ

ചാർജ് ചെയ്തത് : ഇല്ല

2230-01-001-99—തൊഴിലും തൊഴിൽ സൗകര്യങ്ങളും—തൊഴിൽ—ഭരണവും നടത്തിപ്പും—നടത്തിപ്പ്

വിഹിതം : 5,26,32,000 രൂപ (പദ്ധതിയേതരം)

8. ലേബർ കമ്മീഷണറുടെയും കമ്മീഷണറേറ്റിലെ ജീവനക്കാരുടെയും സ്ഥലംമാറ്റ ബത്ത, അവധി യാത്രാനുകൂല്യം, വെള്ളക്കരം, ടെലിഫോൺ ചെലവ്, വാടക, കരം, നികുതി, ഔദ്യോഗിക ഭാഷാ പ്രയോഗം, വാഹനം വാങ്ങൽ, വാഹനങ്ങളുടെ അറ്റകുറ്റ പണികൾ, ഇന്ധനം എന്നീ ഇനങ്ങൾക്കായി ഈ ശീർഷകത്തിൽ വകകൊള്ളിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ 14.24 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-01-001-98—ജില്ലാ ആഫീസുകൾ

വിഹിതം : 16,60,11,000 രൂപ (പദ്ധതിയേതരം)

9. റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർ ഓഫീസുകൾ, ഡെപ്യൂട്ടി ലേബർ കമ്മീഷണർ ഓഫീസുകൾ, ജില്ലാ ലേബർ ഓഫീസുകൾ എന്നിവിടങ്ങളിലെ ജീവനക്കാരുടെ യാത്രാബത്ത, സ്ഥലംമാറ്റ ബത്ത, അവധി യാത്രാനുകൂല്യം, വെള്ളക്കരം, വൈദ്യുതി ചാർജ്ജ്, വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾ, വിവരസാങ്കേതികവിദ്യ എന്നീ ആവശ്യങ്ങൾക്കായി ഈ ശീർഷകത്തിൽ വകകൊള്ളിച്ചിട്ടുള്ള തുക അപര്യാപ്ത മായതിനാൽ 10.50 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-01-101-99—കുറഞ്ഞ കൂലി നിശ്ചയിക്കുന്നതിനുള്ള ഉപദേശക ബോർഡ്

വിഹിതം : 23,72,000 രൂപ (പദ്ധതിയേതരം)

10. മിനിമം വേജസ് അഡ്വൈസറി ബോർഡിന്റെയും മിനിമം വേജസ് കമ്മിറ്റി കളിലെയും ജീവനക്കാരുടെ യാത്രാപ്പടി, അവധി യാത്രാനുകൂല്യം എന്നീ ആവശ്യ

ങ്ങൾക്കായി വകകൊള്ളിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 2.5 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-01-101-96—വ്യാവസായിക ട്രിബ്യൂണൽ, ആലപ്പുഴ

വിഹിതം : 62,80,000 രൂപ (പദ്ധതിയേതരം)

-05-4—ഓഫീസ് ചെലവുകൾ—മറ്റിനങ്ങൾ

വിഹിതം : 62,000 രൂപ (പദ്ധതിയേതരം)

11. ആലപ്പുഴ വ്യാവസായിക ട്രിബ്യൂണൽ ഓഫീസിൽ ഡിജിറ്റൽ ഫോട്ടോകോപ്പിയർ, കമ്പ്യൂട്ടർ, സേഫ് ഡെപ്പോസിറ്റ് ബോക്സ്, ലോക്കറുള്ള അലമാര, ഫർണിച്ചർ എന്നിവ വാങ്ങുന്നതിനായി 2 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-01-101-95—വ്യാവസായിക ട്രിബ്യൂണൽ, കോഴിക്കോട്

വിഹിതം : 74,00,000 രൂപ (പദ്ധതിയേതരം)

-05-4—ഓഫീസ് ചെലവുകൾ—മറ്റിനങ്ങൾ

വിഹിതം : 60,000 രൂപ (പദ്ധതിയേതരം)

12. കോഴിക്കോട് വ്യാവസായിക ട്രിബ്യൂണൽ ഓഫീസിൽ ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 5.56 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-01-101-94—വ്യാവസായിക ട്രിബ്യൂണൽ, കൊല്ലം

വിഹിതം : 70,64,000 രൂപ (പദ്ധതിയേതരം)

-04-(1)—യാത്രാബത്ത

വിഹിതം : 1,80,000 രൂപ (പദ്ധതിയേതരം)

13. ട്രിബ്യൂണലിന് കൊല്ലം, തിരുവനന്തപുരം എംപ്ലോയീസ് കോമ്പൻസേഷൻ കമ്മീഷണറുടെ അധികചുമതല നൽകിയിട്ടുള്ളതിനാൽ ടി ജില്ലകളിൽ ക്യാമ്പ് സിറ്റിംഗുകൾ നടത്തേണ്ടതിനാൽ യാത്രാബത്ത ഇനത്തിൽ നിലവിൽ അനുവദിച്ചിട്ടുള്ള തുകയ്ക്ക് പുറമെ 38,000 രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

-05-4—ഓഫീസ് ചെലവുകൾ—മറ്റിനങ്ങൾ

വിഹിതം : 1,10,000 രൂപ (പദ്ധതിയേതരം)

14. എംപ്ലോയീസ് കോമ്പൻസേഷൻ കേസ്സുകൾ ട്രിബ്യൂണലിലേക്ക് കൈമാറ്റം ചെയ്യപ്പെട്ട സാഹചര്യത്തിൽ പുതിയ ചുമതല വഹിച്ചതുമൂലമുണ്ടായ അധിക ചെലവുകൾക്കായി ഈ ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 3.7 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

-99—വിവരസാങ്കേതികവിദ്യ

വിഹിതം : 1,000 രൂപ (പദ്ധതിയേതരം)

15. ഓഫീസ് നവീകരണത്തിന്റെ ഭാഗമായി ലാപ്ടോപ്പ്, കമ്പ്യൂട്ടർ, പ്രിന്റർ, ഫാക്സ് മെഷീൻ, മറ്റനുബന്ധ ഉപകരണങ്ങൾ വാങ്ങുന്നതിനും സ്ഥാപിക്കുന്നതിനുമായി 3.35 ലക്ഷം രൂപ ലഭ്യമായ സേവിംഗ്സ് ധനപുനർവിനിയോഗം നടത്തിയോ അഡീഷണൽ ആതറൈസേഷൻ വഴിയോ ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-01-101-91—തൊഴിൽ കോടതി, എറണാകുളം

വിഹിതം : 65,95,000 രൂപ (പദ്ധതിയേതരം)

-05-3—ഓഫീസ് ചെലവുകൾ—ടെലിഫോൺ ചെലവ്

വിഹിതം : 25,000 രൂപ (പദ്ധതിയേതരം)

16. എറണാകുളം തൊഴിൽ കോടതിക്ക് ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 15,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

-21—മോട്ടോർ വാഹനങ്ങൾ

വിഹിതം : ഇല്ല

17. എറണാകുളം തൊഴിൽ കോടതി നിലവിൽ ഉപയോഗിക്കുന്ന കാർ ഇനിയും ഉപയോഗിക്കാൻ കഴിയാത്തവിധം ഉപയോഗശൂന്യമായതായി സമിതി മനസ്സിലാക്കുന്നു. എന്നാൽ ഈ സാമ്പത്തിക വർഷം പുതിയ കാർ വാങ്ങുന്നതിനായി ബഡ്ജറ്റ് വിഹിതം അനുവദിച്ചിട്ടില്ലാത്തതിനാൽ, ഈ ശീർഷകത്തിൽ 9 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

-99—വിവരസാങ്കേതികവിദ്യ

വിഹിതം : 5,000 രൂപ (പദ്ധതിയേതരം)

18. പുതിയ കമ്പ്യൂട്ടർ വാങ്ങുന്നതിനും ആന്വൽ മെയിന്റനൻസ് കോൺട്രാക്റ്റ് ചാർജ്ജുകളിലേക്കുമായി ഈ സാമ്പത്തിക വർഷം വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 15,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-01-101-89—ലേബർ കോടതി, കണ്ണൂർ

വിഹിതം : 63,79,000 രൂപ (പദ്ധതിയേതരം)

-06—വാടക, കരം, നികുതി

വിഹിതം : 72,000 രൂപ

19. 2015 ഏപ്രിൽ മുതൽ 2016 ഫെബ്രുവരി വരെയുള്ള വാടക, മാസം 12,000 രൂപ വീതം നൽകുന്നതിന് ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 1.32 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

-21-2—മോട്ടോർ വാഹനങ്ങൾ—സംരക്ഷണവും അറ്റകുറ്റപ്പണികളും

വിഹിതം : 23,000 രൂപ (പദ്ധതിയേതരം)

20. കണ്ണൂർ തൊഴിൽ കോടതിക്ക് കാർ റിപ്പയർ ചെയ്യുന്നതിനായി ഈ ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 1.10 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-01-101-86—വ്യാവസായിക ട്രിബ്യൂണൽ, ഇടുക്കി

വിഹിതം : 59,78,000 രൂപ (പദ്ധതിയേതരം)

-04-1—യാത്രാചെലവുകൾ—യാത്രാബത്ത

വിഹിതം : 1,65,000 രൂപ (പദ്ധതിയേതരം)

21. ട്രിബ്യൂണലിന്റെ അധികാരപരിധി വർദ്ധിച്ചതിനാൽ ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുകയ്ക്കുപുറമെ 2.55 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

-04-2—യാത്രാചെലവുകൾ—സ്ഥലംമാറ്റ ബത്ത

വിഹിതം : 10,000 രൂപ (പദ്ധതിയേതരം)

22. ഈ ശീർഷകത്തിൽ 5,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

-04-4—യാത്രാചെലവുകൾ—അവധി യാത്രാനുകൂല്യം

വിഹിതം : 5,000 രൂപ (പദ്ധതിയേതരം)

23. പ്രിസൈഡിംഗ് ഓഫീസർക്ക് നാഷണൽ ജുഡീഷ്യറി പേ കമ്മീഷൻ ആനുകൂല്യങ്ങൾ ബാധകമായതിനാൽ ഈ ശീർഷകത്തിൽ 45,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

-05-3—ഓഫീസ് ചെലവുകൾ—ടെലിഫോൺ ചെലവ്

വിഹിതം : 30,000 രൂപ (പദ്ധതിയേതരം)

24. ഈ ശീർഷകത്തിൽ 20,400 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

-05-4—ഓഫീസ് ചെലവുകൾ—മറ്റിനങ്ങൾ

വിഹിതം : 84,000 രൂപ (പദ്ധതിയേതരം)

25. 1993 മുതലുള്ള നിയമപുസ്തകങ്ങൾ ബൈന്റ് ചെയ്യുവാനും ഇ.സി.സി.യുടെ അധിക ചുമതലകൂടി ലഭിച്ചതിനാൽ കേസിലെ കക്ഷികൾക്ക് സമൻസ് അയയ്ക്കുവാനും കേസുകളും അനുബന്ധ രേഖകളും സൂക്ഷിക്കുവാനുള്ള ഫർണിച്ചർ വാങ്ങുന്നതിനും പുസ്തകങ്ങളും പീരിയോഡിക്കൽസും വാങ്ങുന്നതിനും ഈ ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്ത മായതിനാൽ 1.41 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

-06—വാടക, കരം, നികുതി

വിഹിതം : 85,000 രൂപ (പദ്ധതിയേതരം)

26. പ്രിസൈഡിംഗ് ഓഫീസറുടെ ഔദ്യോഗിക വസതിയുടെ വാടക വർദ്ധിച്ചതിനാൽ ഈ ശീർഷകത്തിൽ അനുവദിച്ച തുകയ്ക്കുപുറമെ 12,000 രൂപ അധികം അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

-21—മോട്ടോർ വാഹനങ്ങൾ

വിഹിതം : ഇല്ല

27. പുതിയ വാഹനം വാങ്ങുന്നതിന് ഈ ശീർഷകത്തിൽ 12 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

-21-2—മോട്ടോർ വാഹനങ്ങൾ—സംരക്ഷണവും അറ്റകുറ്റപ്പണികളും

വിഹിതം : 35,000 രൂപ (പദ്ധതിയേതരം)

28. വാഹനത്തിന്റെ യന്ത്രത്തകരാറുകൾ പരിഹരിക്കേണ്ടതിനാൽ ഈ ശീർഷകത്തിൽ വകയിരുത്തിയ തുകയ്ക്ക് പുറമെ 65,000 രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

-45—പി.ഒ.എൽ.

വിഹിതം : 90,000 രൂപ (പദ്ധതിയേതരം)

29. ട്രിബ്യൂണലിന് ഇ.സി.സി.യുടെ അധിക ചുമതലകൂടി ഉള്ളതിനാൽ കോട്ടയം, മൂന്നാർ, തൊടുപുഴ എന്നിവിടങ്ങളിൽ ക്യാമ്പ് കോർട്ട് സിറ്റിംഗുകൾ നടത്തുന്നതിന് പ്രതിമാസം 3000 കിലോമീറ്റർ സഞ്ചരിക്കേണ്ടതിനാൽ ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണ്. ആയതിനാൽ 1.50 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

-97—വാഹനങ്ങളുടെ വാടക

വിഹിതം : 1,000 രൂപ (പദ്ധതിയേതരം)

30. നിലവിലുള്ള വാഹനം ക്യാമ്പ് കോർട്ട് സിറ്റിംഗുകൾ നടത്തുവാനും ബഹുദൂരം യാത്ര ചെയ്യുവാനും അനുയോജ്യമല്ലാത്തതിനാൽ വാഹനം വാടകയ്ക്ക് എടുക്കുന്നതിലേക്കായി 4.43 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

-99—വിവരസാങ്കേതികവിദ്യ

വിഹിതം : 25,000 രൂപ (പദ്ധതിയേതരം)

31. ഓഫീസ് കമ്പ്യൂട്ടർവത്ക്കരിക്കുന്നതിനും സ്കാനർ, ഇൻവർട്ടർ, ബാറ്ററി എന്നിവ വാങ്ങുന്നതിനും ഓഫീസിലേക്കും പ്രിസൈഡിംഗ് ഓഫീസറുടെ ചേമ്പറിലേക്കും കമ്പ്യൂട്ടർ, പ്രിന്റർ എന്നിവ വാങ്ങുന്നതിനും ഫോട്ടോകോപ്പിയർ, കമ്പ്യൂട്ടർ എന്നിവയുടെ റിപ്പയറും മെയിന്റനൻസും എന്നീ ആവശ്യങ്ങൾക്കായി ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 7.65 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-01-101-85—വ്യാവസായിക ട്രിബ്യൂണൽ, പാലക്കാട്

വിഹിതം : 70,50,000 രൂപ (പദ്ധതിയേതരം)

-05-4—ഓഫീസ് ചെലവുകൾ—മറ്റിനങ്ങൾ

വിഹിതം : 99,000 രൂപ (പദ്ധതിയേതരം)

32. നിലവിലുള്ള ക്യാമ്പ് സിറ്റിംഗുകൾക്ക പുറമെ എംപ്ലോയീസ് കോമ്പൻസേഷൻ കേസ്സുകൾ കൂടി കൈകാര്യം ചെയ്യുന്നതിനായി പാലക്കാട് വ്യാവസായിക ട്രിബ്യൂണൽ കാര്യാലയത്തിലേക്ക് ഫർണിച്ചർ, സ്റ്റാമ്പുകൾ എന്നിവ വാങ്ങുന്നതിനായി ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുകയ്ക്ക് പുറമെ 1 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

-45—പി.ഒ.എൽ.

വിഹിതം : 60,000 രൂപ (പദ്ധതിയേതരം)

33. നിലവിലുള്ള ക്യാമ്പ് സിറ്റിംഗുകൾക്ക് പുറമെ എംപ്ലോയീസ് കോമ്പൻസേഷൻ കേസ്സുകളുടെ ക്യാമ്പ് സിറ്റിംഗുകൾകൂടി നടത്തേണ്ടതിനാൽ ഇന്ധനചെലവ് അധികമായി വരുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 50,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-01-102-99—വ്യവസായശാലാ ഡയറക്ടറോഫീസ്

വിഹിതം : 10,73,11,000 രൂപ (പദ്ധതിയേതരം)

-04—യാത്രാചെലവുകൾ

വിഹിതം : 15,82,000 രൂപ (പദ്ധതിയേതരം)

34. പരിശോധനാ വിഭാഗത്തിലെ വിദഗ്ദ്ധർക്ക് നിരന്തരം യാത്ര പോകേണ്ടതിനാൽ യാത്രാചെലവ് കൂടുതലാണ്. ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 4.18 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

-06—വാടക, കരം, നികുതി

വിഹിതം : 8,00,000 രൂപ (പദ്ധതിയേതരം)

35. വാടക, കരം, നികുതി എന്നീ ഇനങ്ങളുടെ നിരക്ക് വളരെയധികം കൂടിയിട്ടുള്ളതിനാൽ ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ 2 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

-21—മോട്ടോർ വാഹനങ്ങൾ

വിഹിതം : ഇല്ല

36. 24-3-2011-ലെ സർക്കാർ ഉത്തരവുപ്രകാരം 4 വാഹനങ്ങൾ വാങ്ങാൻ വകുപ്പിന് അനുമതി ലഭിച്ചെങ്കിലും 2012-13 സാമ്പത്തികവർഷത്തിൽ ഫണ്ട് ലഭ്യതയുടെ കുറവ് കാരണം 2 വാഹനങ്ങൾ മാത്രമേ വാങ്ങാൻ കഴിഞ്ഞിരുന്നുള്ളൂ. 2015-16 സാമ്പത്തിക വർഷത്തിൽ ഈ ശീർഷകത്തിൽ തുകയൊന്നും വകയിരുത്തിയിട്ടില്ലാത്ത സാഹചര്യത്തിൽ 20 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

-2—സംരക്ഷണവും അറ്റകുറ്റപ്പണികളും

വിഹിതം : 1,03,000 രൂപ (പദ്ധതിയേതരം)

37. വകുപ്പിന്റെ വാഹനങ്ങൾ പഴകിയതും എക്സൈസ് വകുപ്പിന്റെയും മറ്റും ലേലത്തിൽ പിടിച്ചവയുമായതിനാൽ കൂടുതൽ അറ്റകുറ്റപ്പണികൾ ആവശ്യമായി വരുമെന്നതിനാൽ ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണ്. ഈ ഇനത്തിൽ 97,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

-34—മറ്റു ചെലവുകൾ

വിഹിതം : 1,00,000 രൂപ (പദ്ധതിയേതരം)

38. ഓഫീസ് ചെലവുകൾ വർദ്ധിച്ചിട്ടുള്ളതിനാൽ ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമാണ്. ഈയിനത്തിൽ 57,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-01-102-98—തോട്ടങ്ങളുടെ ഇൻസ്പെക്ടറാഫീസ്

വിഹിതം : 2,68,27,000 രൂപ (പദ്ധതിയേതരം)

39. മുഖ്യ പ്ലാന്റേഷൻ ഇൻസ്പെക്ടറുടെയും അദ്ദേഹത്തിന്റെ കീഴിലുള്ള 11 പ്ലാന്റേഷൻ ഇൻസ്പെക്ടർ ഓഫീസുകളുടെയും വിവരസാങ്കേതികവിദ്യ ശീർഷകത്തിൽ വകകൊള്ളിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ 95,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-01-102-95—ജോലി സുരക്ഷിതത്വവും ആരോഗ്യപ്രവർത്തനവും

വിഹിതം : 5,80,00,000 രൂപ (പദ്ധതി)

: 1,39,46,000 രൂപ (പദ്ധതിയേതരം)

-04—യാത്രാചെലവുകൾ

വിഹിതം : 4,03,000 രൂപ (പദ്ധതിയേതരം)

40. കുടിശ്ശിക യാത്രാപ്പടി ബില്ലുകൾ മാറാനുള്ളതിനാൽ, ഈ ശീർഷകത്തിൽ വകയിരുത്തിയ തുകയ്ക്ക് പുറമെ 70,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

-34—മറ്റു ചെലവുകൾ

വിഹിതം : 1,000 രൂപ (പദ്ധതിയേതരം)

41. ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 9,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

-45—പി.ഒ.എൽ.

വിഹിതം: 75,000 രൂപ (പദ്ധതിയേതരം)

42. ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 51,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-01-103-96—കശുവണ്ടിത്തൊഴിലാളി ക്ഷേമനിധി അംശദാനം

വിഹിതം : 2,40,00,000 രൂപ (പദ്ധതിയേതരം)

43. 2014-15-ലെ ഒൻപത് മാസത്തെ വർദ്ധിപ്പിച്ച നിരക്കിലെ പെൻഷൻ, 2015-16 വർഷത്തെ പെൻഷൻ എന്നിവ വിതരണം ചെയ്യുന്നതിന് ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 5653.53 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-01-103-94-10—മരംകയറ്റത്തൊഴിലാളികൾക്കുള്ള സാമ്പത്തികസഹായം (ജനറൽ)

വിഹിതം : 1,00,00,000 രൂപ (പദ്ധതിയേതരം)

44. 2014-15-ലെ വർദ്ധിപ്പിച്ച നിരക്കിലുള്ള പെൻഷൻ കുടിശ്ശികയും 2015-16-ലെ പെൻഷൻ വിതരണത്തിനും ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 300 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-01-103-92-10—കേരളത്തിലെ കൈത്തറി തൊഴിലാളികൾക്കുവേണ്ടിയുള്ള ക്ഷേമപദ്ധതി—സംഭാവന

വിഹിതം : 1,00,00,000 രൂപ (പദ്ധതിയേതരം)

45. 2014-15-ലെ വർദ്ധിപ്പിച്ച നിരക്കിലുള്ള പെൻഷൻ കുടിശ്ശികയും 2015-16-ലെ പെൻഷനും വിതരണം ചെയ്യുന്നതിന് ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 826.10 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-01-103-88—കേരള ആർട്ടിസാൻസ് ആന്റ് സ്കിൽഡ് വർക്കേഴ്സ് ബെനിഫിറ്റ് സ്കീം

വിഹിതം : 32,62,000 രൂപ (പദ്ധതിയേതരം)

46. 2014-15-ലെ കുടിശ്ശികയും, 2015-16-ലെ അംശദാനം അനുവദിക്കുന്നതിനും ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 129.92 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-01-103-86-10—കേരളത്തിലെ തയ്യൽ തൊഴിലാളികൾക്കുള്ള ക്ഷേമപദ്ധതിയും മറ്റു പുതിയ ക്ഷേമപദ്ധതികളും—സംഭാവന

വിഹിതം : 1,00,00,000 രൂപ (പദ്ധതിയേതരം)

47. 2014-15-ലെ വർദ്ധിപ്പിച്ച നിരക്കിലുള്ള പെൻഷൻ കുടിശ്ശികയും, 2015-16-ലെ പെൻഷൻ വിതരണം നടത്തുന്നതിനും ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 4404.89 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-01-103-83—ചാരായ നിരോധനംമൂലം തൊഴിൽ നഷ്ടപ്പെട്ട അബ്കാരി തൊഴിലാളികൾക്ക് താൽക്കാലിക ധനസഹായം

വിഹിതം : 1,000 രൂപ (പദ്ധതിയേതരം)

48. 2014-15-ലെ കുടിശ്ശിക ഉൾപ്പെടെ അനുവദിക്കുന്നതിന് നിലവിലുള്ള തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 29,000 രൂപ അധികം വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-01-103-79-10—കേരള ചെത്തു തൊഴിലാളി ക്ഷേമനിധി ബോർഡിലേക്ക് തൊഴിലാളികളുടെ വിഹിതം അടയ്ക്കുന്നതിനുള്ള ഗ്രാന്റ്—സംഭാവന

വിഹിതം : 22,00,000 രൂപ (പദ്ധതിയേതരം)

49. 2014-15 സാമ്പത്തികവർഷം വകയിരുത്തിയ 22 ലക്ഷം രൂപ ചെലവഴിച്ചിട്ടുള്ളതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ മുൻവർഷങ്ങളിലെ കുടിശ്ശിക ഉൾപ്പെടെ സർക്കാർ ഗ്രാന്റായി അനുവദിക്കുന്നതിന് നിലവിലുള്ള തുക അപര്യാപ്തമായതിനാൽ 2628 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-01-103-78-10—1-4-1997-ന് അറുപത് വയസ്സ് തികയുന്ന ചുരുട്ട തൊഴിലാളികൾക്ക് പെൻഷൻ നൽകുന്നതിന്—സംഭാവന

വിഹിതം : 25,79,000 രൂപ (പദ്ധതിയേതരം)

50. 2014-15-ലെ പെൻഷൻ കുടിശ്ശികയും, 2015-16-ലെ പെൻഷനും അനുവദിക്കുന്നതിന് നിലവിലുള്ള തുക അപര്യാപ്തമായതിനാൽ 3.22 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-01-103-73-10—കേരള ബീഡി-സിഗാർ തൊഴിലാളി ക്ഷേമനിധി—അംശദാനം— സംഭാവന

വിഹിതം : 50,00,000 രൂപ (പദ്ധതിയേതരം)

51. 2014-2015-ലെ പെൻഷൻ കുടിശ്ശികയും, 2015-2016-ലെ വർദ്ധിപ്പിച്ച നിരക്കിലുള്ള പെൻഷനും വിതരണം ചെയ്യുന്നതിന് നിലവിലുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 290.10 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-01-103-72-10—കേരള കർഷകത്തൊഴിലാളി ക്ഷേമബോർഡ്—അംശദാനം— സംഭാവന

വിഹിതം : 83,79,000 രൂപ (പദ്ധതിയേതരം)

52. സർക്കാരിൽനിന്ന് ലഭിക്കേണ്ട മാച്ചിംഗ് ഗ്രാന്റും 2014-2015-ലെ പെൻഷൻ കുടിശ്ശികയും, 2015-2016-ലെ പെൻഷനും നൽകുന്നതിന് നിലവിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 16484.24 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-01-103-71-10—കേരള ഈറ്റ, കാട്ടുവള്ളി, തഴപ്പായ് തൊഴിലാളി ക്ഷേമ ബോർഡ്—അംശദാനം—സംഭാവന

വിഹിതം : 1,44,00,000 രൂപ (പദ്ധതിയേതരം)

53. 2014-15-ലെ പെൻഷൻ കുടിശ്ശികയും, 2015-16-ലെ വർദ്ധിപ്പിച്ച നിരക്കിലെ പെൻഷനും വിതരണം ചെയ്യുന്നതിന് ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 557.47 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-01-103-62-10—പ്ലാന്റേഷൻ തൊഴിലാളികൾക്കുള്ള ആശ്വാസനിധി—സംഭാവന

വിഹിതം : 1,10,00,000 രൂപ (പദ്ധതിയേതരം)

54. 2011-12 മുതൽ 2015-16 സാമ്പത്തിക വർഷംവരെയുള്ള പദ്ധതി ചെലവുകൾക്ക് അധിക തുക ആവശ്യമായതിനാൽ ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമാണ്. ആയതിനാൽ 950 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-01-103-61-10—കേരള ബാർബർ-ബ്യൂട്ടീഷ്യൻ ക്ഷേമ പദ്ധതി—സംഭാവന

വിഹിതം: 30,00,000 രൂപ (പദ്ധതിയേതരം)

55. 2014-15-ലെ പെൻഷൻ കുടിശ്ശികയും, 2015-16-ലെ പെൻഷനും വിതരണം ചെയ്യുന്നതിന് നിലവിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 378.25 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-01-103-59-10—കേരള പീടിക വാണിജ്യ സ്ഥാപന തൊഴിലാളി ക്ഷേമനിധി ബോർഡ്—സംഭാവന

വിഹിതം : 1,50,00,000 രൂപ (പദ്ധതിയേതരം)

56. മാച്ചിംഗ് ഗ്രാന്റ് ഇനത്തിൽ 2014-15 വരെ സർക്കാരിൽനിന്നും കുടിശ്ശിക ലഭിക്കേണ്ടതിനാൽ ഈ ശീർഷകത്തിൽ വകയിരുത്തിയ തുകയ്ക്ക് പുറമെ 524 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-01-103-57-10—കേരള ആഭരണ തൊഴിലാളി ക്ഷേമനിധി—സംഭാവന

വിഹിതം : 1,000 രൂപ (പദ്ധതിയേതരം)

57. കേരള ജ്വവലറി വർക്കേഴ്സ് വെൽഫെയർ ഫണ്ട് ആക്ട് പ്രകാരം അംഗങ്ങളുടെ സബ്സ്ക്രിപ്ഷന്റെ 5% ഷെയർ ആയി ബോർഡിന് നൽകണമെന്നതിന്റെ അടിസ്ഥാനത്തിൽ 2015-16 സാമ്പത്തികവർഷത്തിൽ ഈ ശീർഷകത്തിൽ അനുവദിച്ച തുകയ്ക്ക് പുറമെ 5.43 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-01-103-51—സാമൂഹ്യ സുരക്ഷയ്ക്കായുള്ള സുപ്രധാന പരിപാടി

വിഹിതം : 1,00,00,000 രൂപ (പദ്ധതിയേതരം)

58. 2014-15-ലെ പെൻഷൻ കുടിശ്ശിക, 2015-16-ലെ പെൻഷൻ എന്നിവ അനുവദിക്കുന്നതിന് നിലവിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 1166.67 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-01-103-50-10—കേരള അലക്കുതൊഴിലാളി ക്ഷേമ പദ്ധതി—സംഭാവന

വിഹിതം : 13,00,000 രൂപ (പദ്ധതിയേതരം)

59. 2014-15 സാമ്പത്തിക വർഷത്തെ പെൻഷൻ കുടിശ്ശിക, 2015-16-ലെ പെൻഷൻ, സർക്കാർ നൽകുവാനുള്ള അംശദാന കുടിശ്ശിക എന്നിവ നൽകുന്നതിന് നിലവിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 74.87 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-01-103-35-10—കേരള ചുമട്ടുതൊഴിലാളി (വിഭിന്ന മേഖലകളിൽ പണിയെടുക്കുന്നവർ) ക്ഷേമ പദ്ധതി—സംഭാവന

വിഹിതം : 1, 000 രൂപ (പദ്ധതിയേതരം)

60. 2014-15-ലെ കുടിശ്ശിക ഉൾപ്പെടെ നൽകുന്നതിന് നിലവിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 1056 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-01-103-32—കേരളത്തിലെ വിലവിവര സൂചിക നിർണ്ണയം

വിഹിതം : 1,000 രൂപ (പദ്ധതിയേതരം)

61. 2014-15-ലെ കുടിശ്ശിക അനുവദിക്കുന്നതിന് നിലവിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 2.23 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-01-103-20—കേരള ചുമട്ടുതൊഴിലാളി (അൺഅറ്റാച്ച്ഡ് വിഭാഗം) ക്ഷേമ പദ്ധതി

വിഹിതം : 1,000 രൂപ (പദ്ധതിയേതരം)

62. 2014-15-ലെ പെൻഷൻ കുടിശ്ശികയും, 2015-16-ലെ പെൻഷനും അനുവദിക്കുന്നതിലേക്കായി നിലവിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 9.19 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-02-001-99—എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ

വിഹിതം : 49,64,69,000 രൂപ (പദ്ധതിയേതരം)

-04-1—യാത്രാചെലവുകൾ—യാത്രാബത്ത

വിഹിതം : 7,00,000 രൂപ (പദ്ധതിയേതരം)

63. 2014-15 സാമ്പത്തികവർഷത്തെ യാത്രാബത്ത ഉൾപ്പെടെ നിരവധി അപേക്ഷകൾ തീർപ്പാക്കാനുള്ളതിനാൽ 2015-16 സാമ്പത്തികവർഷം വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ 5 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

-04-4—യാത്രാചെലവുകൾ—അവധി യാത്രാനുകൂല്യം

വിഹിതം :2,00,000 രൂപ (പദ്ധതിയേതരം)

64. 15 വർഷം സർവ്വീസ് പൂർത്തീകരിച്ച 300-ഓളം ജീവനക്കാർ ഈ വകുപ്പിൽ സേവനമനുഷ്ഠിക്കുന്നതിനാൽ ഈ ശീർഷകത്തിൽ അനുവദിച്ച തുകയ്ക്കുപുറമെ 1 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

-05-2—ഓഫീസ് ചെലവുകൾ—വൈദ്യുതചെലവ്

വിഹിതം : 22,80,000 രൂപ (പദ്ധതിയേതരം)

65. വൈദ്യുതി ചാർജ്ജ് നിരക്കിൽവന്ന വർദ്ധനവ് കണക്കിലെടുത്ത് ഈ ഇനത്തിൽ 7 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

05-3—ടെലിഫോൺ ചെലവ്

വിഹിതം : 8,40,000 രൂപ (പദ്ധതിയേതരം)

66. ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക ഇന്റർനെറ്റ്, ടെലിഫോൺ ചെലവ് എന്നിവയ്ക്ക് അപര്യാപ്തമായതിനാൽ ഈ ഇനത്തിൽ 2 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

05-4—ഇറ്റിനങ്ങൾ

വിഹിതം : 35,20,000 രൂപ (പദ്ധതിയേതരം)

67. ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ ഈ ഇനത്തിൽ 10 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

-06—വാടക, കരം, നികുതി

വിഹിതം : 68,00,000 രൂപ (പദ്ധതിയേതരം)

68. എംപ്ലോയ്മെന്റ് വകുപ്പിന്റെ കീഴിലുള്ള 50% കെട്ടിടങ്ങൾ വാടകക്കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. കെട്ടിടവാടക പുതുക്കി നിശ്ചയിക്കുമ്പോൾ ഉണ്ടാകാവുന്ന

കുടിശ്ശിക, ഇതുവരെ വാടക നിശ്ചയിക്കാതെ റവന്യൂ ടവറിൽ പ്രവർത്തിക്കുന്ന കെട്ടിടങ്ങളുടെ വാടക കുടിശ്ശിക എന്നിവ കണക്കിലെടുക്കുമ്പോൾ ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 10 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

-26—ഔദ്യോഗിക ഭാഷാപ്രയോഗം

വിഹിതം : 1,000 രൂപ (പദ്ധതിയേതരം)

69. 2015 നവംബർ മാസം മലയാളഭാഷ വാരാഘോഷം നടത്തേണ്ടതിനാൽ ഈ ശീർഷകത്തിൽ വകയിരുത്തിയ തുകയ്ക്കുപുറമെ 60,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

-97—വാഹനങ്ങളുടെ വാടക

വിഹിതം : 1,000 രൂപ (പദ്ധതിയേതരം)

70. ഈ ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈയിനത്തിൽ 2.50 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

-99—വിവരസാങ്കേതികവിദ്യ

വിഹിതം : 7,00,000 രൂപ (പദ്ധതിയേതരം)

71. കമ്പ്യൂട്ടർവൽക്കരണം നടപ്പിലാക്കിയിട്ടുള്ള ഓഫീസുകളിലെ അനുബന്ധ ഉപകരണങ്ങളുടെ മെയിന്റനൻസിനായി 2015-16 സാമ്പത്തികവർഷത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-02-101-97—വികലാംഗർക്കുള്ള പ്രത്യേക എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്

വിഹിതം : 35,08,000 രൂപ (പദ്ധതിയേതരം)

-04-1 —യാത്രാചെലവുകൾ —യാത്രാബത്ത

വിഹിതം : 1,000 രൂപ (പദ്ധതിയേതരം)

72. ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 10,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

-04-2—യാത്രാചെലവുകൾ—സ്ഥലംമാറ്റബത്ത

വിഹിതം : 1,000 രൂപ (പദ്ധതിയേതരം)

73. ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 10,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

-05-4—ഓഫീസ് ചെലവുകൾ—മറ്റിനങ്ങൾ

വിഹിതം : 20,000 രൂപ (പദ്ധതിയേതരം)

74. ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 10,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-02-101-96—അംഗവൈകല്യം ബാധിച്ചിട്ടുള്ളവർക്കുവേണ്ടി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ സ്പെഷ്യൽ സെൽ

വിഹിതം : 67,15,000 രൂപ (പദ്ധതിയേതരം)

-04-1—യാത്രാചെലവുകൾ—യാത്രാബത്ത

വിഹിതം : 10,000 രൂപ (പദ്ധതിയേതരം)

75. 2015-16 സാമ്പത്തികവർഷം ഈയിനത്തിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 20,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

-04-2—യാത്രാചെലവുകൾ—സ്ഥലംമാറ്റബത്ത

വിഹിതം : 5,000 രൂപ (പദ്ധതിയേതരം)

76. ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 10,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-03-001-99—ട്രെയിനിംഗ് ഡയറക്ടറേറ്റ്

വിഹിതം : 5,82,55,000 രൂപ (പദ്ധതിയേതരം)

77. യാത്രാചെലവുകൾ, ഓഫീസ് ചെലവുകൾ, മോട്ടോർ വാഹനങ്ങളുടെ സംരക്ഷണവും അറ്റകുറ്റപ്പണികളും, മറ്റു ചെലവുകൾ എന്നീ ആവശ്യങ്ങൾക്കായി ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 8.08 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-03-001-98—സ്റ്റാഫ് ട്രെയിനിംഗ് സംവിധാനം വികസിപ്പിക്കൽ

വിഹിതം : 22,16,000 രൂപ (പദ്ധതിയേതരം)

78. 2014-15 സാമ്പത്തികവർഷത്തെ കണക്കുപ്രകാരമുള്ള ചെലവ് ബജറ്റ് വിഹിതത്തിനേക്കാൾ അധികരിച്ചതിനാലും നിലവിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാലും ഈ ശീർഷകത്തിൽ വകയിരുത്തിയ തുകയ്ക്ക് പുറമെ 1.06 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-03-003-98—തൊഴിലുകളുടെ വൈവിധ്യവൽക്കരണം

വിഹിതം : 47,24,000 രൂപ (പദ്ധതിയേതരം)

79. മുൻവർഷത്തെ കണക്കുപ്രകാരം ചെലവ് ബജറ്റ് പ്രൊവിഷനേക്കാളും അധികരിച്ചതിനാൽ നിലവിൽ ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമാണ്. ആയതിനാൽ 35,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-03-003-97—കേരളാ ലേബർ വെൽഫെയർ ഫണ്ട് നിർദ്ദേശിക്കുന്ന വ്യക്തികൾക്ക് പരിശീലനം

വിഹിതം : 89,53,000 രൂപ (പദ്ധതിയേതരം)

80. ഈ ശീർഷകത്തിൽ വകയിരുത്തിയ തുകയ്ക്ക് പുറമെ 9.46 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-03-101-99—വ്യാവസായിക പരിശീലന കേന്ദ്രങ്ങൾ

വിഹിതം : 1,23,32,27,000 രൂപ (പദ്ധതിയേതരം)

81. ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 2379.65 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-03-101-96—വനിതാ വ്യാവസായിക പരിശീലന കേന്ദ്രം, തിരുവനന്തപുരം

വിഹിതം : 2,41,37,000 രൂപ (പദ്ധതിയേതരം)

82. 2014-15 വർഷത്തെ കണക്കുപ്രകാരം ഉപശീർഷകങ്ങളിൽ ചെലവ് ബജറ്റ് വിഹിതത്തിനേക്കാളും അധികരിച്ചതിനാൽ ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമാണ്. ആയതിനാൽ 81.8 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-03-101-83—ഐ.ടി.ഐ.കൾ ഉൽകൃഷ്ട സ്ഥാപനങ്ങളായി ഉയർത്തൽ (75% കേന്ദ്രസഹായം)

വിഹിതം : 14,84,00,000 രൂപ (പദ്ധതി)

83. 2015-16 സാമ്പത്തികവർഷം ഈ ശീർഷകത്തിൽ 10 കോടി രൂപയുടെ ചെലവ് മാത്രമേ പ്രതീക്ഷിക്കുന്നുള്ളൂ. ആയതിനാൽ ബാക്കി തുകയായ 4.3762 കോടി രൂപ ബജറ്റ് വിഹിതത്തിൽ നിന്നും കുറവ് ചെയ്യുന്നതിനുള്ള നടപടികൾക്ക് സമിതി ശിപാർശ ചെയ്യുന്നു.

2230-03-101-76—വ്യാവസായിക തൊഴിലാളികൾക്കും പരിശീലകർക്കും ആധുനിക തൊഴിൽ പരിശീലനം

വിഹിതം : 74,95,000 രൂപ (പദ്ധതിയേതരം)

84. ഈ ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 34.97 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-03-101-74—വനിതാ ഐ.ടി.ഐ.കൾ സ്ഥാപിക്കൽ (തൊഴിൽപരിശീലനത്തിലെ ലിംഗവിവേചനം ലഘൂകരിക്കൽ)

വിഹിതം : 1,71,07,000 രൂപ (പദ്ധതിയേതരം)

85. ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 40.45 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-03-102-99—ദേശീയ തൊഴിലഭ്യസന പരിപാടികൾ

വിഹിതം : 3,69,25,000 രൂപ (പദ്ധതിയേതരം)

86. 2014-15 സാമ്പത്തിക വർഷത്തെ കണക്കുപ്രകാരം ചെലവ് ബജറ്റ് വിഹിതത്തിനേക്കാളും അധികരിച്ചതിനാൽ ഈ ശീർഷകത്തിൽ 2015-16 സാമ്പത്തിക വർഷം വകയിരുത്തിയ തുക അപര്യാപ്തമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ 23.04 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## പുതിയ പദ്ധതികൾ

### നാല് ഐ.ടി.ഐ.കളുടെ നിലവാരം ഉയർത്തൽ

87. സംസ്ഥാനത്ത് സ്വന്തമായി കെട്ടിടവും സ്ഥലവുമുള്ള നാല് ഐ.ടി.ഐ.കളായ ആര്യനാട്, കൽപ്പറ്റ, കൊയിലാണ്ടി, കുഴൽമന്ദം എന്നീ ഐ.ടി.ഐ.കളിൽ കൂടുതൽ ട്രേഡുകൾ ഉൾപ്പെടുത്തി ഒന്നാം നിര ഇൻസ്റ്റിറ്റ്യൂട്ടായി ഉയർത്തുന്നതിന് പദ്ധതി

തയ്യാറാക്കിയിട്ടുണ്ട്. ഇതിലേക്ക് യന്ത്രസാമഗ്രികളുടെ സംഭരണം, നിർമ്മാണ പ്രവർത്തനം എന്നിവയ്ക്കായി 2015-16 സാമ്പത്തികവർഷം തുക വകയിരുത്തിയിട്ടില്ല. പ്രസ്തുത ആവശ്യത്തിലേക്കായി 200 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**പുതിയ ഐ.ടി.ഐ.കൾ സ്ഥാപിക്കൽ**

88. സംസ്ഥാനത്ത്, ഇപ്പോൾ സർക്കാർ ഐ.ടി.ഐ.കൾ ഇല്ലാത്തതും, ഐ.ടി.ഐ. തുടങ്ങുന്നതിനാവശ്യമായ സ്ഥലം വകുപ്പിന് സൗജന്യമായി ലഭ്യമാക്കി നൽകുന്നതുമായ 5 ബ്ലോക്ക് പഞ്ചായത്തുകളിൽ 5 സർക്കാർ ഐ.ടി.ഐ.കൾ 2015-16 വർഷം ആരംഭിക്കുന്നതിലേക്ക് യന്ത്രസാമഗ്രികളുടെ സംഭരണം, അടിസ്ഥാനസൗകര്യവികസനം, കെട്ടിടം, വർക്ക്ഷോപ്പ് നിർമ്മാണം എന്നീ ആവശ്യങ്ങൾക്കായി തുക ആവശ്യപ്പെട്ടിരുന്നെങ്കിലും 2015-16 സാമ്പത്തികവർഷം തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ 350 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**പ്രതീക്ഷ**

89. സംസ്ഥാനത്ത് ഭിന്നശേഷിയുള്ളവർക്കായി അവരുടെ അഭിരുചിക്കനുസൃതമായ തൊഴിൽ നൈപുണ്യം പകർന്ന് നൽകി സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൈപിടിച്ചുയർത്തുന്നതിന് ലക്ഷ്യം വച്ച് ചാക്ക, കളമശ്ശേരി, കാസർഗോഡ് ഐ.ടി.ഐ.യിൽ ഓരോ യൂണിറ്റ് വീതം സ്പെഷ്യൽ ബാച്ചുകൾ ആരംഭിക്കുന്നതിനായി 60 ലക്ഷം രൂപ ആവശ്യപ്പെട്ടിരുന്നെങ്കിലും തുകയൊന്നും വകയിരുത്തിയിട്ടില്ല. ആയതിനാൽ പ്രസ്തുത പദ്ധതിക്കായി 2015-16 സാമ്പത്തികവർഷം 60 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-03-800-94—കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ലേബർ ആന്റ് എംപ്ലോയ്മെന്റ് --

36—സഹായധനം—ശമ്പളേതരം

വിഹിതം : 2,80,00,000 രൂപ (പദ്ധതി)

90. 'കില'-യെ എല്ലാവിധ ആധുനിക സൗകര്യങ്ങളോടും കൂടിയ ദേശീയ നിലവാരമുള്ള സ്ഥാപനമായി ഉയർത്തി അക്കാദമിക് കോഴ്സുകൾ നടത്തുന്നതിനുള്ള സൗകര്യങ്ങളോടുകൂടിയ ഒരു ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിന് സ്ഥലം വാങ്ങുന്നതിനും പ്രാരംഭ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനും ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 11000 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

-36—ശമ്പളേതരം

വിഹിതം: 19,96,000 രൂപ (പദ്ധതിയേതരം)

91. ജീവനക്കാരുടെ ശമ്പളവും ആനുകൂല്യങ്ങളും നൽകുന്നതിനും ഒഴിച്ചുകൂടാനാകാത്ത ദൈനംദിന പ്രവർത്തനങ്ങൾക്കുമായി 2015-16 വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തി യിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 15.358 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4250-00-800-99—നിയമസഭാ സാമാജികർക്കുള്ള പ്രത്യേക വികസന ഫണ്ട്

വിഹിതം : 141,00,00,000 രൂപ (പദ്ധതി)

92. 2011-12-ൽ എം.എൽ.എ. ഫണ്ടിന്റെ വാർഷിക വിഹിതം ഒരു കോടി രൂപയായി വർദ്ധിപ്പിച്ചെങ്കിലും ആ വർഷം ബഡ്ജറ്റിൽ ഉൾപ്പെടുത്താത്തതിനാൽ വർദ്ധിപ്പിച്ച വിഹിതം റിലീസ് ചെയ്തിരുന്നില്ല. ഈ തുക 2012-13-ലെ വിഹിതത്തിൽ നിന്നാണ് അനുവദിച്ചത്. ആയതിനാൽ 2012-13-ലെ വിഹിതമായ 141 കോടിയിൽ 35.25 കോടിയുടെ കുറവുണ്ടായി. ആയത് 2013-14-ലെ വിഹിതമായ 141 കോടിയിൽ നിന്ന് കുടിശ്ശികയായ 35.25 കോടി രൂപ അനുവദിക്കുകയുണ്ടായി. 2014-15-ലെ വിഹിതമായ 141 കോടിയും അഡീഷണൽ അലോക്കേഷനായി 9.3 കോടിയും ചേർത്ത് ആകെ 150.30 കോടി രൂപ 2014-15-ൽ വകയിരുത്തിയിരുന്നു. ആയതിൽനിന്നും മുൻവർഷത്തെ കുടിശ്ശിക 35.25 കോടി രൂപയും വയനാട് ജില്ലയ്ക്ക് മുൻവർഷങ്ങളിലെ കുടിശ്ശികയായി അനുവദിക്കാനുണ്ടായിരുന്ന 2.25 കോടി രൂപയും അനുവദിക്കുകയുണ്ടായി. 2014-15-ൽ റിലീസ് ചെയ്യാൻ ബാക്കിയുള്ള 2820 ലക്ഷം രൂപ 2015-16 വർഷം ഈ ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ XXXIX—വൈദ്യുത പദ്ധതികൾ

വോട്ട് ചെയ്തത് : 180,00,74,000 രൂപ

ചാർജ് ചെയ്തത് : ഇല്ല

2801-80-101-99-33—വിദ്യുച്ഛക്തി സൗജന്യ നിരക്കിൽ വിതരണം ചെയ്യുന്നതിന് വിദ്യുച്ഛക്തി ബോർഡിനുള്ള ദ്രവ്യസഹായം—സബ്സിഡികൾ

വിഹിതം : 1,000 രൂപ (പദ്ധതിയേതരം)

93. പ്രതിമാസ ഉപഭോഗം 120 യൂണിറ്റിൽ താഴെയുള്ള ഗാർഹിക ഉപഭോക്താക്കളെയും കാർഷിക ഉപഭോക്താക്കളെയും താരിഫ് വർദ്ധനയിൽ നിന്നും ഒഴിവാക്കിയതുമൂലമുള്ള സബ്സിഡിയായി 2014-15-ലെ സർക്കാർ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള 50 കോടി രൂപ ബോർഡിന് ലഭിച്ചിട്ടുണ്ട്. 2014-15 സാമ്പത്തിക വർഷത്തിൽ 2015 ജനുവരി മുതൽ മാർച്ച് വരെയുള്ള സബ്സിഡി 9600 ലക്ഷം രൂപ കൂടി ഈ ശീർഷകത്തിൽ അധികമായി അനുവദിച്ചു നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

ഗാർഹിക ഉപഭോക്താക്കളെ തെർമൽ സർച്ചാർജ്ജിൽ നിന്നും ഒഴിവാക്കിയതുമൂലം ബോർഡിനുണ്ടായ സാമ്പത്തിക ബാദ്ധ്യത നികത്തുന്നതിലേക്കായി അനുവദിച്ച സബ്സിഡി

94. പ്രതിമാസം 20 യൂണിറ്റ് വരെ വൈദ്യുതി ഉപയോഗിക്കുന്ന ഗാർഹിക ഉപഭോക്താക്കളെ വൈദ്യുതി ചാർജ്ജ് അടയ്ക്കുന്നതിൽനിന്നും ഒഴിവാക്കിയതുമൂലമുണ്ടായ നഷ്ടം നികത്തുന്നതിനായി 20-6-2013-ലെ സർക്കാർ ഉത്തരവ് പ്രകാരം അനുവദിച്ച, പ്രതിവർഷം 40 ലക്ഷം രൂപയിൽ 2012-13, 2013-14, 2014-15 വർഷങ്ങളിലായി ബോർഡിന് ലഭിക്കാനുള്ള 1.2 കോടി രൂപ ബാധ്യതകൾ തട്ടിക്കിഴിക്കുന്നതിനുള്ള നിർദ്ദേശത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. എന്നാൽ 2015-16 സാമ്പത്തിക വർഷത്തിൽ ഈയിനത്തിൽ തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ 40 ലക്ഷം രൂപ ഇതിനായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2801-80-101-91—നവീകരണ നിധി (ഊർജ്ജസമ്പാദ്യ ഏകോപന സമിതി)

വിഹിതം : 7,00,00,000 രൂപ (പദ്ധതി)

95. വൈദ്യുതിയുടെ ഉൽപ്പാദന, വിതരണ മേഖലകളുടെ ചെലവ് ചുരുക്കുന്നതിനും വൈദ്യുതി ലാഭിക്കുന്നതിനും ലക്ഷ്യമിട്ട് കളമശ്ശേരിയിലെ Start up village-ൽ കെ.എസ്.ഇ.ബി. ആരംഭിച്ച EOIZ-ന് സാമ്പത്തിക സഹായം നൽകുന്നതിനായി നവീകരണ നിധിയിൽനിന്ന് 132.5 ലക്ഷം രൂപയും കെ.എസ്.ഇ.ബി.യുടെ ഉടമസ്ഥതയിലുള്ള അണക്കെട്ടുകളുടെയും ജലാശയങ്ങളുടെയും ജലപ്പരപ്പിൽ പരീക്ഷണാടിസ്ഥാനത്തിൽ സൗരോർജ്ജ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള പദ്ധതിക്കായി നവീകരണനിധിയിൽ നിന്നും 700 ലക്ഷം രൂപയും ഊർജ്ജ സമ്പാദ്യ ഏകോപന സമിതിയുടെ വിവിധ ജോലികൾക്കായി 250 ലക്ഷം രൂപയും ഉൾപ്പെടെ 1082.5 ലക്ഷം രൂപ 2015-16 വർഷം ഈ ശീർഷകത്തിൽ ചെലവ് പ്രതീക്ഷിക്കുന്നുവെങ്കിലും 700 ലക്ഷം രൂപ മാത്രമാണ് വകയിരുത്തിയിട്ടുള്ളത്. പ്രസ്തുത തുക അപര്യാപ്തമായതിനാൽ ഈ കണക്കിനത്തിൽ 382.5 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2801-80-101-90—രാജീവ് ഗാന്ധി ഗ്രാമീണ വൈദ്യുതീകരണ പദ്ധതി (സംസ്ഥാന വിഹിതം)

വിഹിതം : 10,00,00,000 രൂപ (പദ്ധതി)

96. എല്ലാ ഗ്രാമീണ ഭവനങ്ങളും വൈദ്യുതീകരിക്കുക എന്ന ലക്ഷ്യത്തോടുകൂടി 2005-ൽ കേന്ദ്ര സർക്കാർ ആവിഷ്കരിച്ച പദ്ധതിയാണ് രാജീവ് ഗാന്ധി ഗ്രാമീണ

വൈദ്യുതീകരണ യോജന. പദ്ധതിത്തുകയുടെ 90 ശതമാനം മൂലധന സബ്സിഡിയായും ബി.പി.എൽ. ഭവനങ്ങൾ വൈദ്യുതീകരിക്കുന്നതിനുള്ള മുഴുവൻ തുകയും ഗ്രാന്റായും കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കുന്നു. പദ്ധതിത്തുകയുടെ 10 ശതമാനം സംസ്ഥാന സർക്കാരാണ് നൽകേണ്ടത്. പദ്ധതിയുടെ ആകെ തുകയായ 224.3565 കോടി രൂപയുടെ 10 ശതമാനമായ 22.436 കോടി രൂപയുടെ സംസ്ഥാന വിഹിതത്തിനുവേണ്ടിയുള്ള ധനാഭ്യർത്ഥനയിൽ 2014-15-ൽ അനുവദിച്ച 10 കോടി രൂപയ്ക്കുപുറമേ 2015-16 വർഷത്തെ ബഡ്ജറ്റിൽ 10 കോടി രൂപ മാത്രമെ ഉൾപ്പെടുത്തിയിട്ടുള്ളൂ. ആയതിനാൽ ഈ ശീർഷകത്തിൽ 2015-16 വർഷത്തിൽ 243.6 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## പ്രകൃതിവാതകം, പെറ്റ്കോക്ക്, കൽക്കരി എന്നിവയിലധിഷ്ഠിതമായ വൈദ്യുത പദ്ധതികൾ നടപ്പാക്കുന്നതിനുള്ള സാമ്പത്തിക സഹായം

97. സംസ്ഥാനത്തെ വർദ്ധിച്ചുവരുന്ന ഊർജ്ജക്ഷാമം പരിഹരിക്കുന്നതിനായി ബ്രഹ്മപുരത്ത് നടപ്പാക്കാനുദ്ദേശിക്കുന്ന 400 മെഗാവാട്ടിന്റെ വാതകാധിഷ്ഠിത പദ്ധതി, കൊച്ചി റിഫൈനറിയിൽനിന്നുള്ള ഉപോൽപ്പന്നമായ പെറ്റ്കോക്ക് ഉപയോഗപ്പെടുത്തി നിർമ്മിക്കാനുദ്ദേശിക്കുന്ന 500 മെഗാവാട്ടിന്റെ വൈദ്യുതപദ്ധതി, കാസർഗോഡ് ജില്ലയിലെ ചീമേനിയിൽ നടപ്പാക്കാനുദ്ദേശിക്കുന്ന കൽക്കരി അധിഷ്ഠിത മെഗാ വൈദ്യുത പദ്ധതി എന്നിവയ്ക്കുള്ള ധനസഹായമായി 2015-16 സാമ്പത്തിക വർഷം 10000 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## പ്രസരണമേഖല ശക്തിപ്പെടുത്തുന്നതിനുള്ള സാമ്പത്തിക സഹായം

98. വർദ്ധിച്ചുവരുന്ന വൈദ്യുതാവശ്യകത നിറവേറ്റുന്നതിനും വൈദ്യുതി തടസ്സമില്ലാതെ കൊണ്ടുപോകുന്നതിനും പ്രസരണമേഖല ശക്തിപ്പെടുത്തേണ്ടത് അത്യാവശ്യമാണ്. നിലവിലുള്ള സബ്സ്റ്റേഷനുകളുടെയും ലൈനുകളുടെയും ശേഷി വർദ്ധിപ്പിക്കുകയും പുതിയവ സ്ഥാപിക്കുകയും ചെയ്യേണ്ടതുണ്ട്. എന്നാൽ സ്ഥലത്തിന്റെ ലഭ്യതക്കുറവും ലൈനുകൾ വലിക്കുന്നതിനായി സ്ഥലം വിട്ടുനൽകുന്നതിനോടുള്ള ജനങ്ങളുടെ എതിർപ്പും ഇത്തരം പദ്ധതികൾ നടപ്പാക്കുന്നതിന് വലിയ തടസ്സം സൃഷ്ടിക്കുന്നുണ്ട്. സ്ഥലമുടമകൾക്ക് സ്വീകാര്യമായ നൂതന പുനരധിവാസ നഷ്ടപരിഹാര പാക്കേജുകൾ ഇതിലേക്കായി നടപ്പിലാക്കേണ്ടതുണ്ട്. ആയത് വലിയ സാമ്പത്തിക ബാധ്യതയുണ്ടാക്കുമെന്നതിനാൽ കെ.എസ്.ഇ.ബി.ക്ക് മാത്രമായി ഇത് നേരിടാനാവില്ലെന്ന് സമിതി വിലയിരുത്തുന്നു. കൂടാതെ, സർക്കാർ ബഡ്ജറ്റിൽ പദ്ധതി വിഹിതം അനുവദിക്കുമ്പോൾ ഇക്കാര്യം കണക്കിലെടുക്കേണ്ടതാണെന്ന് പ്ലാനിംഗ് ബോർഡ്

ശിപാർശ ചെയ്തിട്ടുള്ളതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ, പ്രാഥമിക നടപടിയെന്ന നിലയിൽ കെ.എസ്.ഇ.ബി. ആവശ്യപ്പെട്ട 5000 ലക്ഷം രൂപ 2015-16 വർഷം വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

ദരിദ്ര കുടുംബങ്ങൾക്ക് സൗജന്യ വൈദ്യുതി കണക്ഷൻ നൽകുന്നതിനുള്ള സാമ്പത്തിക സഹായം

99. 2014-ൽ നിലവിൽ വന്ന KSERC-യുടെ പുതിയ സപ്ലൈ കോഡ് പ്രകാരം, എല്ലാ പുതിയ വൈദ്യുതി കണക്ഷനുകളും ഉപഭോക്താവിൽ നിന്നും ചാർജ് വാങ്ങി മാത്രമേ യൂട്ടിലിറ്റി നൽകാവൂ എന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതിനാലും ഏതെങ്കിലും വിഭാഗത്തിന് സൗജന്യ കണക്ഷൻ നൽകാൻ സർക്കാർ ആഗ്രഹിക്കുന്നുണ്ടെങ്കിൽ അതിനാവശ്യമായ തുക മുൻകൂറായി സർക്കാർ യൂട്ടിലിറ്റിക്ക് നൽകണമെന്നും സപ്ലൈകോഡിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതിനാലും 2015-16 സാമ്പത്തിക വർഷത്തിൽ ബി.പി.എൽ. കുടുംബങ്ങൾക്കും മറ്റും സൗജന്യമായി നൽകാനുദ്ദേശിക്കുന്ന ഒരു ലക്ഷം വൈദ്യുതി കണക്ഷനുകൾക്കുള്ള തുകയായ 200 ലക്ഷം രൂപ ബജറ്റ് സഹായമായി നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

നിയമസഭാ സാമാജികർക്ക് അവരുടെ മണ്ഡലത്തിലെ വൈദ്യുതി വികസനത്തിനുള്ള LAPDS പദ്ധതിക്കുള്ള സാമ്പത്തിക സഹായം

100. നിയമസഭാ സാമാജികർക്ക് അവരുടെ മണ്ഡലത്തിലെ ഊർജ്ജ സംബന്ധമായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി സർക്കാർ ആവിഷ്കരിച്ച പദ്ധതിയായ ലോക്കൽ ഏരിയ പവർ ഡെവലപ്പ്മെന്റ് സ്കീം (LAPDS) നടപ്പാക്കുന്നതിനായി കെ.എസ്.ഇ.ബി., സ്ഥലം എം.എൽ.എ., നിയോജകമണ്ഡലത്തിലുൾപ്പെടുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവരുടെ വിഹിതം ഉൾപ്പെടുത്തി ഒരു കോർപ്പസ് ഫണ്ട് രൂപീകരിക്കാനും എം.എൽ.എ. അദ്ധ്യക്ഷനായ സബ്ഡിവിഷൻ തലത്തിലുള്ള സമിതി നിർദ്ദേശിക്കുന്ന ക്യാപ്പിറ്റൽ/മെയിന്റനൻസ് ജോലികൾ നടപ്പിലാക്കുന്നതിനും ഉദ്ദേശിക്കുന്നതായും പദ്ധതി, സർക്കാർ അംഗീകരിക്കുന്ന മുറയ്ക്ക് ആരംഭിക്കുന്നതാണെന്നും സമിതി മനസ്സിലാക്കുന്നു. പ്രസ്തുത പദ്ധതിക്കായി കെ.എസ്.ഇ.ബി.-യുടെ വിഹിതമായ 1400 ലക്ഷം രൂപ (140 മണ്ഡലങ്ങളിലായി 10 ലക്ഷം രൂപ വീതം) ബഡ്ജറ്റ് വിഹിതമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2810-00-800-99—ഗ്രാമീണ സാങ്കേതിക വിദ്യയും പാരമ്പര്യേതര ഊർജ്ജ ഏജൻസിയും (അനെർട്ട്) ധനസഹായം

വിഹിതം : 2,71,21,000 രൂപ (പദ്ധതിയേതരം)

101. അനെർട്ടിന്റെ വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിന് ആവശ്യമായ ശമ്പളം, ശമ്പള കുടിശ്ശിക, യാത്രാചെലവ്, വാടകകൾ, ഓഫീസ് ചെലവ്, റിട്ടയർമെന്റ് ആനുകൂല്യങ്ങൾ എന്നിവ ഉൾപ്പെടെയുള്ള ഭരണ ചെലവുകൾക്കുള്ള തുകയാണ് ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്നത്. ഈ തുക പ്രസ്തുത ചെലവുകൾക്ക് അപര്യാപ്തമാണ്. TESM പദ്ധതി നിർത്തലായതോടുകൂടി മുൻവർഷങ്ങളിൽ ഈ പദ്ധതിയിൽ എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾക്കായി വകയിരുത്താറുള്ള തുക നിർത്തലാക്കിയിരിക്കുന്നതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 314.19 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2810-00-800-93—എനർജി മാനേജ്മെന്റ് സെന്റർ ധനസഹായം

വിഹിതം : 7,18,00,000 രൂപ (പദ്ധതി)

: 65,94,000 രൂപ (പദ്ധതിയേതരം)

(01)—സംസ്ഥാന ഊർജ്ജ സംരക്ഷണ അവാർഡുകൾ—36—സഹായധനം— ശമ്പളേതരം

വിഹിതം : 25,00,000 രൂപ (പദ്ധതി)

102. സംസ്ഥാന ഊർജ്ജ സംരക്ഷണ അവാർഡ് നൽകുന്നതിനും അവാർഡിനർഹമായ പദ്ധതികളുടെ വിശദവിവരം പുസ്തക രൂപത്തിൽ പ്രസിദ്ധപ്പെടുത്തുന്നതിനും, സംസ്ഥാന അവാർഡ് ജേതാക്കൾക്ക് ദേശീയ ഊർജ്ജ സംരക്ഷണ അവാർഡ് ജേതാക്കളുടെ വ്യവസായങ്ങൾ/സ്ഥാപനങ്ങൾ സന്ദർശിക്കുന്നതിനും നിലവിലുള്ള ബഡ്ജറ്റ് വിഹിതത്തിനു പുറമെ 5 ലക്ഷം രൂപ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(03)—പശ്ചാത്തല വികസനവും സ്ഥാപനവൽക്കരണവും—36—സഹായധനം— ശമ്പളേതരം

വിഹിതം : 4,10,00,000 രൂപ (പദ്ധതി)

103. ഇ.എം.സി.-യിൽ ആരംഭിക്കാനിരിക്കുന്ന പരിശീലന പരിപാടികളിലും ഗവേഷണപരിപാടികളിലും മറ്റും പങ്കെടുക്കുന്നവർക്ക് നല്ല നിലയിലുള്ള ലബോറട്ടറി സംവിധാനങ്ങൾ, ലൈബ്രറി, കമ്പ്യൂട്ടർ നെറ്റ് വർക്കുകൾ എന്നിവ ഏർപ്പെടുത്തേണ്ടത് അത്യാവശ്യമാണ്. കൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് ജലവൈദ്യുത പദ്ധതികൾ വികസിപ്പിക്കുന്നത് പ്രാദേശിക വികസനത്തിന് മറ്റുള്ളവർക്ക് മാതൃകയാക്കാനും സഹായകരമാവുമെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ പ്രസ്തുത ആവശ്യങ്ങൾക്കായി ഈ ശീർഷകത്തിൽ 190 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(05)—<u>കേരള സംസ്ഥാന ഊർജ്ജ സംരക്ഷണ നിധി</u>

വിഹിതം : 1,08,00,000 രൂപ (പദ്ധതി)

104. ഊർജ്ജ ഓഡിറ്റ് സബ്സിഡി നൽകുന്നതിനും മാതൃകാ ഊർജ്ജകാര്യക്ഷമ പഞ്ചായത്താക്കി മാറ്റുന്നതിനായി കാര്യക്ഷമത കൂടിയ വൈദ്യുതോപകരണങ്ങൾ സ്ഥാപിക്കുന്നതിനും സംസ്ഥാനത്തെ 70 എൽ.പി./യു.പി. സ്കൂളുകളിൽ കാര്യക്ഷമത കൂടിയ എൽ.ഇ.ഡി. ബൾബുകൾ, ട്യൂബുകൾ, ഫാനുകൾ എന്നിവ സ്ഥാപിച്ച് ഊർജ്ജ കാര്യക്ഷമ സ്കൂളുകളാക്കുന്നതിനും സർക്കാർ കെട്ടിടങ്ങളിൽ ഊർജ്ജ ഓഡിറ്റ് നടത്തുന്നതിനും നടപ്പു സാമ്പത്തിക വർഷം ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ <u>ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുകയ്ക്കു പുറമെ 102 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

105. ശമ്പളം, യാത്രാചെലവുകളും മറ്റ് പ്രവർത്തന ചെലവുകളും എന്നീ ആവശ്യങ്ങൾക്കായി പദ്ധതിയേതര ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ <u>194.06 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

4801-80-101-99—<u>വൈദ്യുത പദ്ധതികൾക്കുള്ള മൂലധനച്ചെലവ്—പൊതുവായവ—</u>

വിഹിതം : ഇല്ല

106. വേളിയിൽ 110 കെ.വി. ഫീഡർബേയുടെ അവശേഷിക്കുന്ന ജോലികൾ പൂർത്തീകരിക്കുവാനും വേളി മുതൽ മുട്ടത്തറവരെ 110 കെ.വി. ഭൂഗർഭ കേബിൾ നിരത്തുന്ന പണികൾ ചെയ്യുന്നതിനും മുട്ടത്തറയിൽ ലാന്റ് അതോറിറ്റി കെ.എസ്.ഇ.ബി. ലിമിറ്റഡിന് കൈമാറുന്ന സ്ഥലത്ത് പുതിയ 110 കെ.വി. സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിനുമായി ഈ ശീർഷകത്തിൽ 2014-15 സാമ്പത്തിക വർഷം ഉപധനാഭ്യർത്ഥനയിലൂടെ അനുവദിച്ച <u>500 ലക്ഷം രൂപയ്ക്ക് പുറമെ 2015-16 സാമ്പത്തിക വർഷം 4000 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

## ധനാഭ്യർത്ഥന നമ്പർ XLVI—സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും

വോട്ട് ചെയ്തത് : 37,22,23,52,000 രൂപ

ചാർജ്ജ് ചെയ്തത് : ഇല്ല .

2235-60-102-98—സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും—മറ്റു സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമപ്രവർത്തനങ്ങളും സാമൂഹ്യസുരക്ഷിതത്വപദ്ധതിയനുസരിച്ചുള്ള പെൻഷൻ—കർഷകത്തൊഴിലാളി പെൻഷൻ

-198—ഗ്രാമപഞ്ചായത്ത്

-192—മുനിസിപ്പാലിറ്റീസ്

-191—കോർപ്പറേഷൻ

വിഹിതം : 465,98,74,000 രൂപ (പദ്ധതിയേതരം)

107. കർഷകത്തൊഴിലാളി പെൻഷൻ വിതരണം ചെയ്യുന്നതിന് ഈ ശീർഷകങ്ങളിൽ വകയിരുത്തിയിട്ടുള്ള തുക 2015-16 സാമ്പത്തിക വർഷത്തെ കർഷക തൊഴിലാളി പെൻഷൻ വിതരണം ചെയ്യുന്നതിന് പര്യാപ്തമാണെങ്കിലും 2014-15-ലെ മൂന്ന് മാസത്തെ പെൻഷൻ കുടിശ്ശിക കൂടി നൽകുന്നതിന് ആയത് പര്യാപ്തമല്ല. ആയതിനാൽ ഈ ശീർഷകത്തിൽ 3561.86 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

ആര്യാടൻ മുഹമ്മദ്,

*അദ്ധ്യക്ഷൻ,*

*വിഷയനിർണ്ണയ സമിതി VII.*

തിരുവനന്തപുരം,
2015 മേയ് 5.